# 24

# മാനസാന്തരപ്പെടാത്ത പട്ടണങ്ങൾ

## (11:20- 24)

കോരസീനിലും, ബെത്ത്സയിദയിലും, കഫർന്നഹൂമിലും അവൻ ചെയ്ത പ്രവൃത്തികളും വീര്യപ്രവൃത്തികളും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ല (21:25 നോക്കുക). ആ പട്ടണങ്ങളിൽ വിലയുള്ളവ നൽകിയതായും, അവ അവഗണിച്ചതായും തോന്നുന്നു.

### രണ്ടു പട്ടണങ്ങളും രണ്ട് ദുർഗതികളും (11:20-22)

**[20]പിന്നെ അവൻ തന്റെ വീര്യപ്രവൃത്തികൾ മിക്കതും നടന്ന പട്ടണങ്ങൾ മാനസാന്തരപ്പെടായ്കയാൽ അവയെ ശാസിച്ചുതുടങ്ങി. [21]"കോരസീനേ, നിനക്ക് ഹാ കഷ്ടം, ബേത്ത്സയിദേ നിനക്ക് ഹാ കഷ്ടം. നിങ്ങളിൽ നടന്ന വീര്യപ്രവൃത്തികൾ സോരിലും സീദോനിലും നടന്നിരുന്നു എങ്കിൽ, അവർ പണ്ടുതന്നെ രട്ടിലും വെണ്ണീറിലും മാനസാന്തരപ്പെടുമായിരുന്നു. [22]എന്നാൽ ന്യായവിധി ദിവസത്തിൽ നിങ്ങളേക്കാൾ സോരിന്നും സീദോന്നും സഹിക്കാവതാകും എന്നു ഞാൻ നിങ്ങളോട് പറയുന്നു."**

**വാക്യം 20. മാനസാന്തരപ്പെടാതിരുന്ന** ഓരോന്നിനെ യേശു പ്രത്യേകമായി എടുത്തു പറയുവാൻ തുടങ്ങി. തന്റെ **അത്ഭുതങ്ങൾ അധികവും** ചെയ്ത പട്ടണങ്ങളിലേക്ക് അവന്റെ ശ്രദ്ധ തിരിഞ്ഞു: കോരസീൻ, ബെത്ത്സയിദ, കഫർന്നഹൂം. "അത്ഭുതം" എന്നതിന്റെ ഗ്രീക്ക് വാക്ക് (*ഡുനാമിസ്*) പലപ്പോഴും "ശക്തി" എന്നതായി തർജിമ ചെയ്തിരിക്കുന്നു. ആ പട്ടണങ്ങളിൽ അവർക്കിടയിൽ ദൈവത്തിന്റെ വലിയ ശക്തി പ്രദർശിപ്പിച്ചതാണ്, എങ്കിലും ദൈവത്തോടുള്ള അവരുടെ ബന്ധത്തിനു മാറ്റമുണ്ടായില്ല. തന്റെ ഉപദേശത്തിലെ ദൈവികമായ അധികാരം വെളിപ്പെടുത്തിയതായിരുന്നു ആ വീര്യപ്രവൃത്തികളെല്ലാം, എന്നിട്ടും അവർ അതു തള്ളിക്കളഞ്ഞു. അവന്റെ അത്ഭുതങ്ങളും ഉപദേശങ്ങളും അവരെ മാനസാന്തരത്തിലേക്ക് നയിച്ചില്ല. അതുകൊണ്ട് യേശു ആ പട്ടണങ്ങളെ **ശാസിച്ചു തുടങ്ങി.**

**വാക്യം 21. അയ്യോ** എന്നതിന്റെ ഗ്രീക്ക് വാക്ക് (*ഔവായി*) ആഴമേറിയ ദയ അല്ലെങ്കിൽ കോപം എന്നാണ് പറയുന്നത്. തന്റെ സന്ദേശം തള്ളിക്കളഞ്ഞതിലുള്ള തീവ്രമായ ദുഃഖത്തെയാണ് യേശു പ്രതിഫലിപ്പിക്കുന്നത്. വില്യം ബാർക്ലേ എഴുതി, "യേശു വിശുദ്ധകോപത്താലാണ് യേശു പാപത്തിനു ശിക്ഷ വിധിച്ചത്, എന്നാൽ അതു നിഗളത്താലുളവായതല്ല, പക്ഷെ ഹൃദയം നുറുങ്ങിയതിൽനിന്നുത്ഭവിച്ചതാണ്."[1]

യേശു ശാസിച്ച ആദ്യ പട്ടണം **കോരസീൻ** ആയിരുന്നു. അത് കഫർന്നഹൂമിനടുത്തുള്ള ഒരു ചെറിയ ഗ്രാമമായി കരുതുന്നു. തെൽഹൂമിൽനിന്നു (കഫർന്നഹൂം) മൂന്നു മൈൽ അകലെ ഗലീലാ കടൽക്കരയിലെ "കുന്നിൻമുകളിലുള്ള ഖിർബെറ്റ് കെരാസെയിലായിരുന്നു അതിന്റെ ആരംഭ സ്ഥാനം."[2]

കോരസീനിലെ യേശുവിന്റെ ശുശ്രൂഷയെ കുറിച്ച് സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ല. ആ പട്ടണത്തിൽ ചെയ്ത പ്രത്യേക അത്ഭുതങ്ങളെയും നമ്മോടു പറയുന്നില്ല. തീർച്ചയായും, സുവിശേഷങ്ങളിൽ യേശു ചെയ്ത പ്രവൃത്തികളുടെ മാതൃകകൾ മാത്രമാണ് പറയുന്നത് (യോഹ. 20:30; 21:25). സത്യസന്ധരായ ആളുകൾക്ക് വിശ്വസിക്കുവാൻ മതിയ അത്ഭുതങ്ങൾ അവിടെ നടന്നിരുന്നതായി യേശുവിന്റെ പ്രസ്താവന സൂചിപ്പിക്കുന്നു.

യേശു ശാസിച്ച രണ്ടാമത്തെ പട്ടണം **ബെത്ത്സയിദ** ആണ്. അത് ഗലീലാ കടലിന്റെ വടക്കു യോർദ്ദാൻ വന്നു ചേരുന്ന ഭാഗത്തുള്ള, ഒരു മുക്കുവഗ്രാമമായിരുന്നു (മർക്കൊ. 6:45; 8:22; ലൂക്കൊ. 9:10). അത് പത്രൊസിന്റേയും, അന്ത്രെയാസിന്റേയും, ഫിലിപ്പൊസിന്റേയും സ്വദേശമായിരുന്നു (യോഹ. 1:44). ഇവിടെ നടന്നതായി രേഖപ്പെടുത്തിയിരിക്കുന്ന അത്ഭുതം ഒരു കുരുടനെ സൗഖ്യമാക്കിയതാണ് (മർക്കൊ. 8:22–26). എങ്ങനെയായാലും, മറ്റു സൗഖ്യമാക്കലുകളും, അയ്യായിരം പേരെ പോഷിപ്പിച്ചതും തൊട്ടടുത്ത് നടന്നിരുന്നു (ലൂക്കൊ. 9:10–17). സുവിശേഷങ്ങളിൽ രേഖപ്പെടുത്താത്ത വേറെയും അത്ഭുതങ്ങൾ ബെത്ത്സയിദയിൽ നടന്നിരിക്കണം.

ഈ പട്ടണങ്ങളിൽ നടന്ന **അത്ഭുതങ്ങൾ സോരിലും സീദോനിലും** നടന്നിരുന്നു എങ്കിൽ അവർ **പണ്ടുതന്നെ മാനസാന്തരപ്പെടുമായിരുന്നു** എന്നാണ് യേശു പറഞ്ഞത്. സീദോനും സോരും തുറമുഖ പട്ടണങ്ങളായിരുന്നു. ആ പ്രദേശത്തുള്ളവരെ വ്യാപാരികളും കുടിയേറിപ്പാർത്തവരും എന്നു വിളിച്ചിരുന്നു. അവർ പുരാതന ഫൊയിനിക്യക്കാരായിരുന്നു. പഴയനിയമ കാലത്ത് സോരിലേയും സീദോനിലേയും ആളുകൾ ബാലിനെ ആരാധിച്ചിരുന്നവരും, അധാർമ്മികതയിലും അഴിമതിയിലും ജീവിച്ചിരുന്നവരും ആയിരുന്നു. അവരുടെ ദുഷ്ടത നിമിത്തം ആ രണ്ടു പട്ടണങ്ങളെയും പ്രവാചകന്മാർ കുറ്റം വിധിച്ചിരുന്നു (യെശ. 23:1–18; യിരെ. 25:22; 47:4; യെഹ. 26–28; ആമോ. 1:9, 10).

യേശു സോരിനും സീദോനും അടുത്തുള്ള പ്രദേശത്തുകൂടെ സഞ്ചരിക്കുകയും ചുരുങ്ങിയതു ഒരു അത്ഭുതമെങ്കിലും നടത്തുകയും ചെയ്തിരുന്നു (15:21–28). മദ്ധ്യധരണ്യാഴിയുടെ തീരത്തായി, യെരുശലേമിൽനിന്നും ഏതാണ്ട് നൂറു മൈൽ അകലെയായും, ഗലീലാ കടലിൻനിന്നും ഏതാണ്ട് ഇരുപത്തി – യഞ്ചു മൈൽ അകലെ ആയുമാണ് സോർ സ്ഥിതി ചെയ്തിരുന്നതു. പൗലൊസ് തന്റെ മൂന്നാം മിഷ്ണറി യാത്രക്കു ശേഷം യെരുശലേമിലേക്ക് പോകുന്ന വഴി ഇവിടെ തങ്ങിയിരുന്നു (പ്രവൃ, 21:3, 4). തീരത്തുനിന്നുകുറെ കൂടെ അകലെ ഏതാണ്ട് ഇരുപതു മൈൽ ആകലെയായിരുന്നു സിദോൻ സ്ഥിതി ചെയ്തിരുന്നത്. തന്റെ റോമിലേക്കുള്ള യാത്രയിൽ പൗലൊസ് ഇവിടെയും തങ്ങിയിരുന്നു (പ്രവൃ. 27:3).

മാനസാന്തരത്തെ കുറിച്ച് യേശു പറഞ്ഞപ്പോൾ, അതുമായി ബന്ധപ്പെടുത്തി **രട്ടും വെണ്ണീരും** പറഞ്ഞിരിക്കുന്നു. “രട്ട്” ഒട്ടകത്തിന്റേയോ ആടിന്റേയോ രോമം കൊണ്ടുണ്ടാക്കിയിരുന്ന ഒരു തരം വസ്ത്രമായിരുന്നു. അത് സാധാരണ ധാന്യങ്ങളും മറ്റും ശേഖരിച്ചു കൊണ്ടുപോകുവാൻ ചാക്കുപോലെ ഉപയോഗിച്ചിരുന്നതാണ്. സാധുക്കളാണ് അത് വസ്ത്രമായി ഉപയോഗിച്ചിരുന്നത്. അഗാധമായ ദുഃഖത്തെ സൂചിപ്പിക്കുന്നതാണ് രട്ടുടുത്ത് “വെണ്ണീരിലിരിക്കുക” എന്നത് (എസ് 4:1; യെശ. 58:5; ദാനി. 9:3; യോനാ. 3:6).

**വാക്യം 22. സോരും സീദോനും** ദുഷ്ടത നിറഞ്ഞ പട്ടണങ്ങളായിരുന്നതിനാൽ, **ന്യായവിധി ദിവസം**, കോരസീനെക്കാളും ബെത്ത്സയിദയെ

ക്കാളും **സോരിനും സീദോനും സഹിക്കാവതാകും** എന്നാണ് യേശു പറഞ്ഞത്. എന്തുകൊണ്ട്? ഈ പട്ടണങ്ങളിൽ നടന്ന അത്ഭുതങ്ങൾ സോരിലും സീദോനിലും നടന്നിരുന്നു എങ്കിൽ അവർ മാനസാന്തരപ്പെടുമായിരുന്നു എന്നാണ് യേശു അർത്ഥമാക്കിയത്. സഭയുടെ ആരംഭ ചരിത്രത്തിൽ, ആ രണ്ടു പട്ടണങ്ങളിലും ശിഷ്യന്മാരുണ്ടായി എന്നു ലൂക്കൊസിന്റെ വിവരണം വ്യക്തമാക്കുന്നു (പ്രവൃ. 21:3–6; 27:3; 10:15 ന്റെ പരാമർശം നോക്കുക).

## "ഉയർന്ന" പട്ടണത്തെ ശാസിച്ചു
## (11:23, 24)

**[23]"നീയോ കഫർന്നഹൂമേ സ്വർഗത്തോളം ഉയർന്നിരിക്കുമോ? പാതാളം വരെ താണുപോകും; നിന്നിൽ നടന്ന വീര്യപ്രവൃത്തികൾ സോദോമിൽ നടന്നിരുന്നുവെങ്കിൽ, അതു ഇന്നു വരെ നിൽക്കുമായിരുന്നു. [24]എന്നാൽ ന്യായവിധി ദിവസത്തിൽ നിന്നേക്കാൾ സോദോമ്യരുടെ നാട്ടിന്നു സഹിക്കാവതാകും എന്നു ഞാൻ നിങ്ങളോട് പറയുന്നു."**

**വാക്യങ്ങൾ 23, 24.** ഗലീലാ കടലിന്റെ വടക്കുപടിഞ്ഞാറായിട്ടായിരുന്നു **കഫർന്നഹൂം** സ്ഥിതി ചെയ്തിരുന്നത്. മുൻപ് നിരീക്ഷിച്ചതുപോലെ, തന്റെ ശുശ്രൂഷാവേളയിൽ, യേശു മിക്കവാറും തങ്ങിയിരുന്ന സ്ഥലമായിരുന്നു അത് (4:13; 8:5; 9:1). കഫർന്ന ഹൂമിൽ വെച്ച് യേശുവിന്റെ അത്ഭുതങ്ങൾ പരിഗണിക്കത്തക്കവണ്ണം നടന്നിരുന്നു (8:5–17; 9:1–8, 18–26; മർക്കൊ. 1:21–28; യോഹ. 4:46–54). മത്തായി 8 ലും 9 ലും രേഖപ്പെടുത്തിയിരിക്കുന്ന പത്ത് അത്ഭുതങ്ങളിൽ അഞ്ചെണ്ണവും അവിടെ വെച്ചു നടന്നതായിരുന്നു.

കഫർന്നഹൂം സമ്പൽസമൃദ്ധവും, സ്വയം – പര്യാപ്തവും, ലോകത്തിൽ ഭദ്രവുമായിരുന്നു. അതിന്റെ സ്വയ – വിലയിരുത്തലിൽ, പട്ടണം **സ്വർഗത്തോളം ഉയർന്നിരിക്കുന്നു**. അത് ഉയർന്നിരിക്കുന്നു എന്ന് സ്വയം തോന്നിയാലും, അതിനെ **പാതാളത്തോളം** താഴ്ത്തും. അഹങ്കാരിയായിരുന്ന ബാബേൽ രാജാവിനെതിരായ ശാസന നടത്തിയ യെശയ്യാവിന്റെ ഭാഷയാകാം യേശു ഉപയോഗിച്ചത്: "ഞാൻ സ്വർഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്ക് മീതെ വെക്കും ... എന്നാൽ നീ പാതാളത്തിലേക്ക്, നാശകൂപത്തിന്റെ അടിയിലേക്ക് തന്നെ വീഴും" (യെശ. 14:13–15).

"പാതാളം" എന്നത് ഉപയോഗിച്ചിരിക്കുന്നത് പഴയനിയമത്തിൽ ഉപയോഗിച്ച "ഷിയോൾ" പോലെയാണ്. അതിനെ "കല്ലറ," "മരിച്ചവരുടെ സ്ഥാനം," അല്ലെങ്കിൽ "യാതനാ സ്ഥലം" എന്നെല്ലാം പറയാം. ലിയോൺ മോറിസ് വിവരിച്ചു, "*സ്വർഗം* ഏറ്റവും ഉയർന്ന സ്ഥാനം ആയിരിക്കുന്നതുപോലെ, *പാതാളം* ഏറ്റവും താഴ്ന്ന അധോലോകം ആയിരിപ്പാനാണ് സാധ്യത."[3] "സ്വർഗത്തോളം ഉയർന്നിരിക്കുന്നു" എന്നാൽ "പാതാളത്തോളം താഴ്ത്തും" എന്ന പ്രയോഗം പട്ടണത്തിന്റെ ഉയർച്ചയെയും പിന്നീട് വരുവാനിരിക്കുന്ന അധഃപതനത്തെയുമാണ് ആലങ്കാരികമായി പറഞ്ഞിരിക്കുന്നത്.[4]

നമുക്ക് അറിയാവുന്നേടത്തോളം, അധർമ്മമോ, ലൈംഗിക അരാജകത്വമോ കഫർന്നഹൂമിൽ ആരോപിക്കപ്പെട്ടിരുന്നില്ല. എങ്കിലും യേശു അതിനെ **സോദോമിനോടാണ്** താരതമ്യം ചെയ്തത്. പഴയ നിയമപട്ടണം ദുഷ്ടതക്ക് പര്യായമായിരുന്നു (ഉല്. 19:24; ആവ. 32:32; യെശ. 1:9, 10; യിരെ. 49:18; വിലാ.

4:6; യെഹ. 16:48; മത്താ. 10:15; 2 പത്രൊ. 2:6). സ്വവർഗ – രതി പട്ടണത്തിൽ നിറഞ്ഞിരുന്നതിനാൽ, അവരുടെ പാപത്തെ "സോഡോമി," എന്നും ആ പാപികളെ "സോഡോമൈറ്റ്" എന്നും അറിയപ്പെടുവാൻ തുടങ്ങി.

കഫർഹൂമിന്റെ അവസ്ഥ സോദോമിനേക്കാൾ മോശമായിരുന്നു. കഫർന്നഹൂമിൽ ചെയ്തിരുന്ന **അത്ഭുതങ്ങൾ** സോദോമിൽ ചെയ്തിരുന്നുവെങ്കിൽ, **സോദോം** നാശം ഒഴിവാക്കുമായിരുന്നു. ആകയാൽ, യേശു കോരസീനോടും, ബെത്ത്സയിദയോടും പറഞ്ഞ കാര്യങ്ങൾ കഫർഹൂമിനോടും പറഞ്ഞു, "**ന്യായവിധി ദിവസം, നിങ്ങളേക്കാൾ സോദോമിന് സഹിക്കാവതാകും**" (10:15; 11:22 ന്റെ പരാമർശം നോക്കുക).

## പാഠങ്ങൾ

### മാനസാന്തരപ്പെടാത്ത പട്ടണങ്ങൾ (11:20-24)

ക്രിസ്തുവിനെ കുറിച്ച് പഠിക്കുവാൻ എത്ര വലിയ അവസരങ്ങൾ ലോകത്തിലെ എത്ര പട്ടണങ്ങൾക്ക് ലഭിച്ചിട്ടുണ്ട്, അതേ സമയം എത്ര പട്ടണങ്ങൾക്ക് സത്യം ലഭിക്കാതെ പോയിട്ടുണ്ട്? റേഡിയോ, ടെലവിഷൻ എന്നീ മാദ്ധ്യമങ്ങൾ മുഖാന്തരം എത്രയോ പട്ടണങ്ങൾക്ക് സുവിശേഷം കേൾക്കുവാനുള്ള അവസരം ലഭിച്ചിട്ടുണ്ട്. അവർക്കെല്ലാം അവരുടെ സ്വന്ത ഭാഷയിൽ ബൈബിളുകളും ലഭ്യമാണ്. അതിലുപരിയായി, അവരുടെ മദ്ധ്യത്തിൽ, ഓരോ ദിവസവും അവരിൽ പ്രകാശം പരത്തുന്ന ക്രിസ്ത്യാനികളായി ജീവിക്കുന്നവരുമുണ്ടായിരിക്കും. ഒരുപക്ഷെ ദുരന്തം നേരിട്ട അവരുടെ സമൂഹങ്ങൾക്ക് ക്രിസ്ത്യാനികൾ സഹായവും അനുഗ്രഹവുമായി തീർന്നിരിക്കാം. എങ്ങനെയായാലും, ഈ അവസരങ്ങൾ ഒക്കെ ഉണ്ടായിരുന്നിട്ടും, അവർ ക്രിസ്തുവിനെ തള്ളിക്കളഞ്ഞു. അതിൽനിന്നു വ്യത്യസ്തമായി, യേശുവിനെ കുറിച്ച് ഒരിക്കലും കേട്ടിട്ടില്ലാത്തവരും ബൈബിൾ അവരുടെ സ്വന്ത ഭാഷയിൽ ലഭ്യമല്ലാതെയുമുള്ളവരുണ്ട്. അവരുടെ സമൂഹങ്ങളിൽ ക്രിസ്ത്യാനികൾ തന്നെ ഉണ്ടായിരിക്കയില്ല. തീർച്ചയായും, കൂടുതൽ അവസരങ്ങൾ ലഭിച്ചിട്ടും അവ തള്ളിക്കളഞ്ഞവർക്ക് കഠിനമേറിയ ന്യായവിധിയുണ്ടാകും.

ഡേവിഡ് സ്റ്റുവർട്ട്

### ദൈവത്തിന്റെ വിപരീത സത്യം (11:23)

ക്രിസ്തുവിനെ എതിർത്ത എത്രയോ ആളുകൾ ലോകത്തിൽ വിജയിച്ചിട്ടുണ്ട്! അവർക്ക് ഒരുപക്ഷെ ഉയർന്ന ജോലിയും, വർദ്ധിച്ച വരുമാനവും, ആഡംബര വീടുകളും ഉണ്ടായിരിക്കാം. ഭൗതികമായ കാഴ്ച്ചപ്പാട് വെച്ച് നോക്കിയാൽ അവർക്ക് എല്ലാം ഉണ്ടെന്നു തോന്നും. അവർ "ഉയർന്നിരിക്കുന്നു" എന്നാണ് തോന്നുന്നത്. അത്തരം ഉയർച്ച പലപ്പോഴും യാഥാർത്ഥ്യമല്ല, ഭാവന മാത്രമാണ്.

അവൻ ചെയ്ത അത്ഭുതങ്ങൾ രേഖപ്പെടുത്തിയ പട്ടണങ്ങളെ മാനസാന്തരപ്പെടായ്കയാൽ യേശു ശാസിച്ചു. അവൻ പറഞ്ഞു, "നീയോ, കഫർന്നഹൂമേ, സ്വർഗത്തോളം ഉയർന്നിരിക്കുമോ? നീ പാതാളം വരെ താണുപോകും" (11:23). അവരുടെ മഹത്വം നാശത്തിൽ കലാശിക്കും കാരണം അവർ രക്ഷകനിലേക്ക് തിരിഞ്ഞില്ല.

ദൈവത്തിന്റെ ആ വിപരീത സത്യം യേശു സുവിശേഷങ്ങളിൽ പല പ്രവാശ്യം പറഞ്ഞിട്ടുണ്ട്: "തന്നെത്താൽ ഉയർത്തപ്പെടുന്നവൻ താഴ്ത്തപ്പെടും;

തന്നെത്താൽ താഴ്ത്തപ്പെടുന്നവൻ ഉയർത്തപ്പെടും" (23:12; ലൂക്കൊ. 14:11; 18:14).

ഡേവിഡ് സ്റ്റുവർട്ട്

---

കുറിപ്പുകൾ

[1]വില്യം ബാർക്ലേ, *ദ ഗോസ്പെൽ ഓഫ് മാത്യു*, വാല്യം.2, എഡി., ദ ഡെയിലി സ്റ്റഡി ബൈബിൾ (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1958), 13. [2]ജാക്ക് പി. ലേവിസ്, **ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു,** പാർട്ട് 1, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 164. [3]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു,* പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 290. [4]ജെ. ഡബ്ലിയു. മെക്ഗാർവേ, *ദ ന്യൂടെസ്റ്റമെന്റ് കമെന്ററി, വാല്യം. 1, മാത്യു ആന്റ് മാർക്ക്* (എൻ. പി., 1875; റീപ്രിന്റ്, ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി., എൻ. ഡി.), 101.